ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 29/04/2020

നം.TRY/737/2020-P2

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും / ട്രഷറി ഓഫീസർമാരും

സർ,

വിഷയം: ട്രഷറി വകുപ്പ് - കോവിഡ്-19 രോഗ വ്യാപന ഭീഷണിയുടെ വെളിച്ചത്തിൽ സാധ്യമായ സുരക്ഷാ മുൻകരുതലുകൾ ഉറപ്പ് വരുത്തി 2020 മെയ് മാസം ആദ്യ ദിവസങ്ങളിൽ ട്രഷറികളിലൂടെ പെൻഷൻ വിതരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിൽ നിന്നുള്ള 27/03/2020, 30/03/2020 എന്നീ തിയ്യതികളിലെ ഇതേ നം.കത്ത്

വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു . കോവിഡ്-19 രോഗവ്യാപന ഭീഷണിയുടെ വെളിച്ചത്തിൽ ജനങ്ങളുടെ എല്ലാവിധ ഒത്തുചേരലുകൾ ഒഴിവാക്കിയും സാമൂഹിക അകലം പാലിച്ചും രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതിനായി ഓരോ പൗരനും പാലിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ വിതരണത്തിൽ മാസാദ്യ ദിവസങ്ങളിലുണ്ടാകുന്ന തിരക്കും ആൾക്കൂട്ടങ്ങളും പരിഗണിച്ച് ട്രഷറികളിലൂടെയുള്ള 2020 മെയ് മാസത്തെ പെൻഷൻ വിതരണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഏപ്രിൽ മാസം ഏർപ്പെടുത്തിയിരുന്ന അതേ രീതിയിലുള്ള പ്രത്യേക ക്രമീകരണങ്ങൾ /സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയും അവ പാലിച്ചുകൊണ്ടും താഴെ പറയുന്ന ക്രമത്തിൽ വിതരണം നടത്തേണ്ടതാണ്.

| **ക്രമ നമ്പർ** | **തീയതി** | **പെൻഷൻവിതരണം നടത്തുന്ന പി.ടി.എസ്.ബി അക്കൗണ്ടുകൾ** |
|---|---|---|
| 1 | 04/05/2020 രാവിലെ (10 മണി മുതൽ 1 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ പൂജ്യത്തിൽ(0) അവസാനിക്കുന്ന പെൻഷൻകാർ. |
| 2 | 04/05/2020 ഉച്ചകഴിഞ്ഞ് (2 മണി മുതൽ 4 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ ഒന്നിൽ (1) അവസാനിക്കുന്ന പെൻഷൻകാർ. |

Scanned with CamScanner

| | | |
|---|---|---|
| 3 | 05/05/2020 രാവിലെ (10 മണി മുതൽ 1 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ രണ്ടിൽ (2) അവസാനിക്കുന്ന പെൻഷൻകാർ |
| 4 | 05/05/2020 ഉച്ചകഴിഞ്ഞ് (2 മണി മുതൽ 4 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ മൂന്നിൽ(3) അവസാനിക്കുന്ന പെൻഷൻകാർ |
| 5 | 06/05/2020 രാവിലെ (10 മണി മുതൽ 1 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ നാലിൽ (4) അവസാനിക്കുന്ന പെൻഷൻകാർ |
| 6 | 06/05/2020 ഉച്ചകഴിഞ്ഞ് (2 മണി മുതൽ 4 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ അഞ്ചിൽ (5) അവസാനിക്കുന്ന പെൻഷൻകാർ. |
| 7 | 07/05/2020 രാവിലെ (10 മണി മുതൽ 1 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ ആറിൽ (6) അവസാനിക്കുന്ന പെൻഷൻകാർ |
| 8 | 07/05/2020 ഉച്ചകഴിഞ്ഞ് (2 മണി മുതൽ 4 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ ഏഴിൽ (7) അവസാനിക്കുന്ന പെൻഷൻകാർ |
| 9 | 08/05/2020 രാവിലെ (10 മണി മുതൽ 1 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ എട്ടിൽ (8) അവസാനിക്കുന്ന പെൻഷൻകാർ |
| 10 | 08/05/2020 ഉച്ചകഴിഞ്ഞ് (2 മണി മുതൽ 4 മണി വരെ) | പി.ടി.എസ്.ബി അക്കൗണ്ട്നമ്പർ ഒൻപതിൽ (9) അവസാനിക്കുന്ന പെൻഷൻകാർ |

കോവിഡ്-19 രോഗത്തിന്റെ സമൂഹവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മറ്റെല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്. 2020 മെയ് മാസത്തെ പെൻഷൻ വിതരണത്തിനായുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ എല്ലാ പെൻഷൻകാർക്കും നല്കുവാനാവശ്യമായ നടപടികൾ എല്ലാ ട്രഷറി ഓഫീസർമാരും സ്വീകരിച്ചിരിക്കേണ്ടതാണ്. കൂടാതെ സർക്കാർ ഏർപ്പെടുത്തിയേക്കാവുന്ന എല്ലാ നിയന്ത്രണങ്ങളും അനുസരിച്ചുള്ള തുടർനിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും യഥാവിധി നൽകുന്നതായിരിക്കും.

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229

Scanned with CamScanner